ബി3.29741/86 മുഖ്യവനപാലകകാര്യാലയം, തിരുവനന്തപുരം,
തീയതി.14..8..86.

**<u>സർക്കുലർ നം. 22/86</u>**

വിഷയം: ഇടുക്കി ജില്ലയിലെ കഞ്ചാവ് കൃഷി തടയുന്നതിനും നശിപ്പിക്കുന്നതിനും ഉള്ള പദ്ധതി ത്വരിതപ്പെടുത്തുന്നതു സംബന്ധിച്ച്.

കഴിഞ്ഞ കുറെ വർഷങ്ങളായി ഇടുക്കി ജില്ലയിൽ അനധികൃത കഞ്ചാവ് കൃഷി വ്യാപിച്ചുകൊണ്ടിരിക്കുകയണ്. കാർഡമം സെറ്റിൽമെന്റ് ഭൂമി. റവന്യൂ പട്ടയഭൂമി , പ്രൈവറ്റ് ഭൂമി ഉൾപ്പെടെ കാട്ടിലും നാട്ടിലും കഞ്ചാവ് കൃഷി കണ്ടു വരുന്നു. ഇത്തരത്തിലുള്ള കഞ്ചാവ് കൃഷി കണ്ടുപിടിക്കുനനതിനും തടയുന്നതിനും നശിപ്പിക്കുന്നതിനും മറ്റുമായി സർക്കാർ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുള്ളകാര്യം ഓർക്കുമല്ലോ.? ഈ പ്ദ്ധതി പ്രകാരം വനം വകുപ്പുദ്യോഗസ്ഥൻമാർ നടത്തിയ ജോലികളെക്കുറിച്ച് ഒരു റോന്ത് ചുറ്റൽ നടത്തേണ്ടതാണ്. അതിലേയ്ക്കായി താഴെപറയുന്ന നടപടിക്രമം സ്വീകരിക്കേണ്ടതാണ്.

മഴക്കാലം തുടങ്ങിയാലുടൻ കഞ്ചാവ് നഴ്സറി കണ്ടുപിടിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. സമയാസമയങ്ങളിൽ നഴ്സറികൾ കണ്ടു പിടിക്കുകയും വ നശിപ്പിക്കുകയും ചെയ്താൽ കഞ്ചാവ് കൃഷി ഒരു പരിധിവരെ നിയന്ത്രിക്കാനാവും . ഓരോ കൊല്ലവും ജ്ജൂലൈ മദ്ധ്യത്തിൽ അവരവരുടെ കീഴ്ദ്യോഗസ്ഥൻമാർ നടത്തിയജോലികളെക്കുറിച്ച് ഒരു റിവ്യൂ നടത്തേണ്ടതാണ.. കഞ്ചാവ് കൃഷി തടയുന്നതിനുവേണ്ടി ചെയത പ്രവൃത്തികളുടെ ഒരു റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 5-ാം തീയതിയോടുകൂടി ഇടുക്കി ജില്ലാ കളക്ടർക്കും തിരുവനന്തപുരം ജോയിന്റ് എക്സൈസ് കമ്മീഷണർക്കും അയക്കേണ്ടതാണ്. ഓരോ വർഷവും ജ്ജൂലൈ 1-ാം തീയതി മുതൽ 10ാം തീയതിവരെ കഞ്ചാവ് നഴ്സറി കണ്ടുപിടിക്കുന്നതിനും നശിപ്പിക്കുന്നതിനുമായി ഒരു പ്രത്യേകപരിപാടി നടത്തേണ്ടതാണ്. ഈ കാലയളവിൽ ഇതിനു പ്രത്യേക പരിപാടി തടയേണ്ടതാണ്. ഈ കാലയളവിൽ ഇതിനു പ്രത്യേക പരിഗണന നൽകേണ്ടതാണ്.

വനം വകുപ്പിന്റെ മാത്രം അധികാര പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ഉള്ള കഞ്ചാവ കൃഷി നശിപ്പിക്കേണ്ടത് വനം വകുപ്പുദ്യോഗസ്ഥൻമാരുടെ പ്രാഥമിക ചുമതലയാണ്. അറ്റു വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സഹായം ആവശ്യമാണെന്ന തോനനുന്നപക്ഷം അവരുടെ സഹായം തേടാവുന്നതാണ്. കാർഡമം ഹിൽ റിസർവിൽ റവന്യൂ ഉദ്യോഗസ്ഥൻമാരും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും ചേർന്ന് ജോലി നിർവഹിക്കണം. ആദ്യം ആദ്യം ഇതു ആരുടെ ശ്രദ്ധയിൽ പെടുന്നോ അവർ മുൻകൈയെടുക്കണം. ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ അവരവരുടെ അധികാരപരിധിയിൽപ്പെടുന്ന സ്ഥലങ്ങളിലെ കഞ്ചാവ് കൃഷി കണ്ടുപിടിക്കാതിരിക്കുകയോ അവ നശിപ്പിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം അവർ ഗുരുതരമായ ശിക്ഷണനടപടികൾക്ക് വിധേയരാകുന്നതാണ്.

കഞ്ചാവ് കൃഷി നശിപ്പിക്കുന്ന അവസരത്തിൽ ഒരു മഹസ്സർ എഴുതേണ്ടതും റെയ്ഡു നടതതുന്ന പാർട്ടിയിലെ ചാർജ്ജിലു്ള ഉദ്യോഗസ്ഥൻ അത് ഒപ്പിട്ടിരിക്കേണ്ടതുമാണ്. സ്വതന്ത്ര സാക്ഷികളെക്കൊണ്ടും ഒപ്പിടുവിച്ചിരിക്കണം. കഞ്ചാവ് കൃഷിക്കാരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും മഹസ്സറിൽ രേഖപ്പെടുത്തിയിരിക്കണം. കേസ രജിസ്റ്റർ ചെയ്യുന്നതി നുവേണ്ടുി മഹസ്സറരും കേസ് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി മഹസ്സറും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടങ്കിൽ അവരേയും കണ്ടെടുത്ത എക്സിബിറ്റസും സ്ഥലതത്തെ എക്സൈസ് ഇൻസ്പെക്ടറെ ഏല്പിക്കേണ്ടതാണ്.

എം ശിവരാമരാജൻ
ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ

എല്ലാ കീഴ്ദ്യോഗസ്ഥൻമാർക്കും അടിയന്തിര ശ്രദ്ധയ്ക്കും സത്വരനടപടികൾക്കുമായി അയയ്ക്കുന്നു..